പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.759

30/06/2015-ൽ മറുപടിക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ്

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും

ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചത് എന്നാണ് ; | (എ), (ബി) & (സി) | G.O(Rt) No.114/2013/TD dtd 05.02.2013 പ്രകാരം കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനു കീഴിലുള്ള 27 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനുള്ള അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് എടുക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. അതിൻ പ്രകാരം അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് എടുക്കാൻ കോർപ്പറേഷൻ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.നെ ചുമതലപ്പെടുത്തുകയും, അവർ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് അനുമതിയ്ക്കായി കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉടൻ സമർപ്പിക്കുന്നതും, അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതുമാണ്. |
| (ബി) | നാളിതുവരെ പ്രസ്തുത യൂണിറ്റ് പ്രവർത്തന സജ്ജമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ; | | |
| (സി) | പ്രസ്തുത യൂണിറ്റ് അടിയന്തരമായി പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | | |

സെക്ഷൻ ഓഫീസർ